ദേശാഭിമാനി
30 October 2019

# മത്സ്യമേഖലയിൽ രാജ്യാന്തര സഹകരണം വേണം: ഡോ. മനോജ് നാരദ്യോസിങ്

**കൊച്ചി**

മത്സ്യമേഖല മെച്ചപ്പെടുത്താൻ രാജ്യങ്ങൾ തമ്മിൽ സഹകരണം വേണമെന്ന് ആഫ്രിക്കൻ ഏഷ്യൻ ഡെവലപ്മെന്റ് ഓർഗനൈസേഷൻ (ആർഡോ) സെക്രട്ടറി ജനറൽ ഡോ. മനോജ് നാരദ്യോസിങ് പറഞ്ഞു. ആർഡോയുടെസഹകരണത്തോടെ സിഎംഎഫ്ആർഐ നടത്തിയ രാജ്യാന്തര പരിശീലനപരിപാടിയുടെ സമാപനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മത്സ്യമേഖലയിലെമുന്നേറ്റം പല ആഫ്രിക്കൻ ഏഷ്യൻ രാജ്യങ്ങളുടെയും സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തും. മേഖലയിലെ ശാസ്ത്രജ്ഞരുംമറ്റ് വിദഗ്ധരും രാജ്യാന്തരതലത്തിൽസഹകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

മൂന്നാംതവണയാണ്ആർഡോ അംഗരാജ്യങ്ങളിലുള്ളവർക്ക് സിഎംഎഫ്ആർഐ പരിശീലനം നൽകുന്നത്. ലബനൻ, ജോർദാൻ, ഇറാഖ്, ഒമാൻ, മൊറോക്കോ, സാംബിയ, മലാവി, മൗറിഷ്യസ്, മലേഷ്യ, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽനിന്നുള്ള ഫിഷറീസ് ഉദ്യോഗസ്ഥരാണ് പങ്കെടുത്തത്. മത്സ്യബന്ധന രീതികൾ, സമുദ്രമത്സ്യ പരിപാലനം, ഉത്തരവാദിത്തപൂർണ മത്സ്യബന്ധനം, സമുദ്രപരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം, സമുദ്രമത്സ്യ കൃഷി തുടങ്ങിയ മേഖലകളിലായിരുന്നു 15 ദിവസത്തെ പരിശീലനം.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ അധ്യക്ഷനായി. സിഫ്റ്റ് ഡയറക്ടർ ഡോ. സി എൻ രവിശങ്കർ മുഖ്യാതിഥിയായി. ഡോ. ഇമൽഡ ജോസഫ്, ഡോ. സോമി കുര്യാക്കോസ് എന്നിവരും സംസാരിച്ചു.